**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. കെ. കണ്ണയ്യൻ, സീനിയർ ക്ലാർക്ക്, കൊടുങ്ങല്ലൂർ നഗരസഭ, ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തി OA 1741/16 ലെ 08.09.2016 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 73/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 10.01.2017

==========================================================

**പരാമർശം :** 1) നഗരകാര്യ ഡയറക്ടറുടെ 22.07.2016 തീയതിയിലെ E6-16362/16 നമ്പർ ഉത്തരവ്.
2) ശ്രീ. കെ. കണ്ണയ്യൻ സീനിയർ ക്ലാർക്ക് സർക്കാരിൽ സമർപ്പിച്ച 25.07.2016 ലെ അപ്പീൽ അപേക്ഷ.
3) ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1741/16 ലെ 08.09.2016 തീയതിയിലെ വിധിന്യായം.
4) നഗരകാര്യ ഡയറക്ടറുടെ 15.11.2016 തീയതിയിലെ E3-20923/16 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ക്ലർക്ക് തസ്തികയിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ചു. ഈ ഉത്തരവിൽ പാലക്കാട് നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. കണ്ണയ്യൻ. കെ.യെ ഭരണപരമായ സൗകര്യാർത്ഥം കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലേക്ക് ട്രാൻസ്ഫർ ചെയ്തു. മേൽ ഉത്തരവിനെതിരെ ശ്രീ.കണ്ണയ്യൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീലിൽ തനിക്ക് 2 പെൺകുട്ടികളാണുള്ളതെന്നും അവരുടെ വിദ്യാഭ്യാസപരവും സംരക്ഷണപരവുമായ ആവശ്യങ്ങളാൽ 10.08.2015 ന് ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിയിൽ നിന്നും തന്റെ സ്ഥലംമാറ്റ അപേക്ഷ പ്രകാരം പാലക്കാട് നഗരസഭയിലേക്ക് സ്ഥലംമാറി വന്നതാണെന്നും, പാലക്കാട് നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച് ഒരു വർഷം തികയുന്നതിന് മുമ്പായി 22.07.2016 ലെ ഉത്തരവ് പ്രകാരം തന്റെ വീട്ടിൽ നിന്നും 120 കി.മീ. അകലെയുള്ള കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റിയിലേക്ക് മാറ്റം നൽകിയതായും ആയത് കുടുംബത്തിന്റെ സംരക്ഷണച്ചുമതലയുള്ള തനിക്ക് ബുദ്ധിമുട്ടുണ്ടാക്കിയതായും അറിയിക്കുന്നു. പട്ടികജാതി വിഭാഗക്കാരനും, ആശ്രിത നിയമനപ്രകാരം സേവനത്തിൽ പ്രവേശിച്ചതുമായ തന്നെ സ്ഥലംമാറ്റിയ ഉത്തരവ് റദ്ദ് ചെയ്ത് പാലക്കാട് നഗരസഭയിൽത്തന്നെ നിയമിക്കണമെന്ന് ടിയാൻ അപേക്ഷിച്ചിരിക്കുന്നു.

2. മേൽപ്പറഞ്ഞ സ്ഥലംമാറ്റം സംബന്ധമായി ശ്രീ. കണ്ണയ്യൻ. കെ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 1741/16 ഫയൽ ചെയ്തു. ആയതിലെ പരാമർശം (3) പ്രകാരമുള്ള വിധിയിൽ ഈ കേസിലെ ഹർജ്ജിക്കാരൻ സമർപ്പിച്ച Annexure A4 ഹർജിയിൽ, വിധിയുടെ സർട്ടിഫൈഡ് കോപ്പി ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

3. കണ്ണയ്യൻ. കെ. യുടെ അപ്പീൽ ഹർജി നഗരകാര്യ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചതിൽ നിന്നും ശ്രീ. കണ്ണയ്യൻ എസ്.സി. വിഭാഗത്തിൽപ്പെട്ടയാളാണെന്നും ടിയാൻ 2 തവണയായി 4 വർഷവും 2 മാസവും പാലക്കാട് നഗരസഭയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള തായും, കൂടാതെ ടിയാന്റെ 13 വർഷത്തെ സർവ്വീസിൽ എട്ടരവർഷക്കാലം പാലക്കാട് ജില്ലയിലാണ് സേവനമനുഷ്ഠിച്ചിട്ടുള്ളത് എന്നും കാണുന്നു. ടിയാന്റെ പാലക്കാട് ജില്ലയിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ അടുത്ത പൊതുസ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുമ്പോൾ ടിയാന്റെ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ ശ്രീ. കണ്ണയ്യൻ.കെ.യുടെ പാലക്കാട് ജില്ലയിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ അടുത്ത പൊതുസ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുമ്പോൾ ടിയാന്റെ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കണമെന്ന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടിയാന്റെ അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08.09.2016 തീയതിയിലെ OA 1741/16 ലെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം ഇതിനാൽ നടപ്പിലാക്കിയിരിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**അബുൽ കലാം. എം.,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ടമെന്റ്, തിരുവനന്തപുരം.
ശ്രീ. കെ. കണ്ണയ്യൻ, സീനിയർ ക്ലാർക്ക്, കൊടുങ്ങല്ലൂർ നഗരസഭ,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പരസ്യം ചെയ്യുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**